KOLLAM CITY POLICE

www.kollamcity.keralapolice.gov.in
www.facebook.com/citypolicekollam/
www.twitter.com/KlmCityPolice

Dated 23/08/ 2018

# നിസ്സഹായനും, നിർദ്ധനനുമായ തുരുത്ത് നിവാസ്സിക്ക് വീട് പുനർനിർമ്മിച്ചും, പുതുജീവിതം നൽകിയും ശക്തികുളങ്ങര പോലീസ്



കൊല്ലം : കേരളത്തിലുണ്ടായ പ്രളയത്തിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിനുവേണ്ടി കേരള പോലീസ് നടപ്പാക്കിവരുന്ന ജല രക്ഷ പ്രവർത്തനത്തിന്റെ ഭാഗമായി നാലുഭാഗവും ജലത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന സെന്റ് തോമസ് തുരുത്തിലെ താമസ്സക്കാരനായ ഗിൽബർട്ട് ( കുഞ്ഞുമോൻ ) എന്നയാൾക്ക് വീട് പുനർനിർമ്മിച്ച് നൽകിയും, വീട്ടുപകരണങ്ങൾ വാങ്ങിനൽകിയും ശക്തികുളങ്ങര പോലീസ് ജീവകാരുണ്യ പ്രവർത്തനത്തിന് മാതൃകയായി. പ്രളയം മൂലം വീട്ടിൽ വെള്ളം കയറി പോലീസിന്റെ നിർദ്ദേശത്താൽ ദുരിതാശ്വാസക്യാമ്പിൽ കഴിഞ്ഞുവരികയായിരുന്ന ഗിൽബർട്ട് കഴിഞ്ഞ ദിവസം വീട്ടിൽ തിരിച്ചെത്തിയപ്പോൾ കണ്ട കാഴ്ച ഭയാനകമായിരുന്നു. വീട് മുഴുവൻ ചെളികയറി മേൽക്കൂരയിളകി പ്രാഥമികാവശ്യങ്ങൾക്കുപോലും സൗകര്യമില്ലാത്ത നിലയിൽ കിടക്കുകയായിരുന്ന വീട്ടിൽ നിർദ്ദനനായ ഗിൽബർട്ട് ചെളി ഭാഗീകമായി തുടച്ച് അതിൽ തുണികളും വിരിച്ച് 15-ഉം, 13-ഉം, 10-ഉം വയസ്സ് പ്രയമുള്ള 3 കുട്ടികളും, രോഗിയായ ഭാര്യയും ഒരുമിച്ച് പ്ലൈവുഡ് കൊണ്ട് നിർമ്മിച്ചതും, ഷീറ്റ് മേഞ്ഞതുമായ വീട്ടിൽ മറ്റ് മാർഗ്ഗങ്ങളില്ലാതെ കഴിഞ്ഞുവരികയായിരുന്നു. വിവരം അറിഞ്ഞ ശക്തികുളങ്ങര പോലീസ് എസ് ഐ ആർ രതീഷിന്റെ നേതൃത്വത്തിൽ സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർ ഒന്നടങ്കം ചേർന്ന് അവരുടെ ഓണാഘോഷം ഒഴിവാക്കി അവരുടെ സാമ്പത്തികം ഉപയോഗിച്ച് 50,000/- രൂപ ചിലവിൽ ഇഷ്ടികയും, മെറ്റലും ഉപയോഗിച്ച് തറപാകിയും, കതകുകൾ ഫിറ്റ് ചെയ്തും, മേൽക്കൂര ശരിയാക്കിയും, പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യമൊരിക്കിയും വീട്ടിൽ താമസ്സിക്കുന്നതിനുള്ള കട്ടിൽ, പായ, പുതുവസ്ത്രങ്ങൾ എന്നിവ വാങ്ങി നൽകിയും കുട്ടികളുടെ തുടർവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളൊരുക്കിയും ശക്തികുളങ്ങര പോലീസ് ഗിൽബർട്ടിനേയും കുടുബത്തേയും പുതുജീവിതത്തിലേക്ക് കൈപിടിച്ചുയർത്തി പുനർനിർമ്മിച്ച വീടിന്റെ താക്കോൽ ദാനം കഴിഞ്ഞ ദിവസം ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ ആർ. രതീഷ് നിർവഹിച്ചു. പോലീസിന്റെ ജീവകാരുണ്യ പ്രവർത്തനത്തിന് ശക്തികുളങ്ങര പോലീസ് സ്റ്റേഷനിലെ അഡീഷണൽ എസ് ഐ അനീഷ്, സണ്ണോ , ജോയി, രാധാകൃഷ്ണൻ, എ എസ് ഐ മാരായ ജയകുമാർ, റഹീം, ഉണ്ണിപിള്ള, റസ്സൽ ജോർജ്ജ്, മധു, അജിത്ത്, പ്രമോദ്, എസ് സി പി ഒ മാരായ ബിജു, ഷിഹാബ്, രാജേഷ്, വനിതാപോലീസുകാരായ മഞ്ചുതോമസ്, മിനി , സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരായ പ്രഗൽഭൻ, ജോസഫ് എന്നിവർ പങ്കെടുത്തു

കഴിഞ്ഞ കുറേ ദിവസ്സങ്ങളായി സ്റ്റേഷനിലെ പ്രവർത്തനത്തിന് തടസ്സം വരാത്തരീതിയിൽ പ്രളയത്താൽ ദുരിതമനുഭവിക്കുന്ന ആളുകളെ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചും, അവർക്കുവേണ്ട ആഹാര സാധനങ്ങൾ എത്തിച്ചും കൂടാതെ മറ്റു ജില്ലകളിലെ ക്യാമ്പിൽ കഴിയുന്നവർക്കായി സ്റ്റേഷൻ പരിധിയിലുള്ള സന്നദ്ധപ്രവർത്തകരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും വസ്ത്രങ്ങളും മറ്റ് അവശ്യ വസ്തുക്കളും ഉൾപ്പെടെ 10 ഓളം ലോഡ് സാധനസാമഗ്രഹികളും അയച്ചുകൊടുത്തും ശക്തികുളങ്ങര പോലീസ് മനുഷത്വപരമായ പ്രവർത്തനം നടത്തിവരികയാണ്

. .